# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1380 30-01-2018 ൽ മറുപടിക്ക്

### കുളക്കടയിലെ സ്കിൽ പാർക്ക് നിർമ്മാണം

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി.

**ഉത്തരം**

പ്രൊഫ.സി.രവീന്ദ്രനാഥ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ കുളക്കടയിൽ നിർമ്മാണം പുരോഗമിച്ചു വന്ന സ്കിൽ പാർക്ക് (അസാപ്) നിർമ്മാണം മന്ദഗതിയിൽ ആകാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | സാധാരണ ഗതിയിൽ 18 മാസം എങ്കിലും കാലയളവ് വേണ്ടിയിരുന്ന നിർമ്മാണ പ്രവർത്തനമാണ് 12 മാസത്തിനുള്ളിൽ നിശ്ചയിച്ച് 04.01.2017-ൽ ആരംഭിച്ചത്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ രൂപകല്പനയിലെയും നിർമ്മാണത്തിലെയും ചില പ്രത്യേകതകൾ കാരണം നിർമ്മാണത്തിന് ചില കാലതാമസം ഉണ്ടായിട്ടുണ്ട്. വസ്തുവിലൂടെ easement right വേണമെന്ന് ആവശ്യപ്പെട്ട് ഒരു അയൽക്കാരൻ നൽകിയ വ്യവഹാരവും നിർമ്മാണത്തിന്റെ പുരോഗതിയെ ബാധിച്ചിരുന്നു. |
| (ബി) | നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ; | (ബി) | കോടതി വ്യവഹാരം വളരെ വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സ്കിൽ പാർക്ക് മുഖാന്തിരം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | വൈവിധ്യമാർന്നതും, ഉന്നത നിലവാരം പുലർത്തുന്നതുമായ നൈപുണ്യ വികസന പരിശീലന പരിപാടികൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

*സെക്ഷൻ ഓഫീസർ*